# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 മാർച്ച് 25, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 354)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 1635 മുതൽ 1761 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 1762 മുതൽ 1819 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 1820 മുതൽ 1866 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 1867 മുതൽ 1988 വരെ |

## കേന്ദ്രം പ്രഖ്യാപിച്ച പദ്ധതികൾ

1635 ശ്രീ. എം. എ. ബേബി
'' കെ. രാധാകൃഷ്ണൻ
'' ജെയിംസ് മാത്യു
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ കേരളത്തിന്റെ വികസനത്തിനായി സംസ്ഥാനം ഉന്നയിച്ചിട്ടുളള പ്രമുഖ ആവശ്യങ്ങൾ നേടിയെടുക്കുന്നതിൽ ഉണ്ടായ വീഴ്ചകൾ സംബന്ധിച്ച് സർക്കാർ വിലയിരുത്തുകയുണ്ടായോ; ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് സർക്കാർ നടത്തിയ പരിശ്രമങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) കേരളത്തെ സംബന്ധിച്ച നിർണ്ണായകമായ എന്തെല്ലാം ആവശ്യങ്ങളാണിപ്പോഴും കേന്ദ്രം പരിഗണിച്ചിട്ടില്ലാത്തതെന്ന് വിലയിരുത്തുകയുണ്ടായോ;

(സി) കേന്ദ്ര സർക്കാർ ബജറ്റിലൂടെയും അല്ലാതെയും സംസ്ഥാനത്തിനായി ഇതിനകം പ്രഖ്യാപിച്ച പദ്ധതികൾ എല്ലാം നടപ്പിലാക്കിയിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ; ഇല്ലെങ്കിൽ അവശേഷക്കുന്നവ ഏതൊക്കെയാണെന്ന വിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ</u>

1636

ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിനായി കേന്ദ്ര സർക്കാർ മുൻ ബജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും ഇപ്പോഴും നടപ്പിലാക്കാത്തതുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

ഒരു വർഷ കർമ്മ പദ്ധതി

1637 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാരിന്റെ ഒരു വർഷ കർമ്മ പദ്ധതിയിൽ വിഭാവനം ചെയ്ത ബസ് ഷെൽറ്ററുകൾ, കുടിവെള്ളവിതരണം, പൊതുടോയ്‌ലറ്റുകൾ, നഗരശുചിത്വം എന്നിവയുടെ നടത്തിപ്പിനായി സർക്കാർ വിഹിതമായി ബജറ്റിൽ വകയിരുത്തിയ 10 കോടി രൂപയിൽ എത്ര തുക ചെലവഴിച്ചു; ഈ തുക എന്തൊക്കെ പരിപാടികൾക്കായാണ് വിനിയോഗിച്ചതെന്ന് വിശദീകരിക്കാമോ?

**കേരള നിയമസഭ**
**25.03.2013–ലെ മറുപടിക്ക്**

100 ദിന കർമ്മപരിപാടി

1638 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന മലയോര വികസന അതോറിറ്റി, തീരദേശ വികസന അതോറിറ്റി എന്നിവയുടെ ഇപ്പോഴത്തെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

2012 ലെ നയപ്രഖ്യാപന പ്രസംഗം

1639 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

2012 ലെ നയപ്രഖ്യാപന പ്രസംഗത്തിൽ നടപ്പിലാക്കിയവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം</u>

1640 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇതിനായി ന്യായവും വിശ്വാസ്തവുമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കുന്ന കാര്യം ആലോചിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>പൊതുഭരണം</u>

1641

ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, വര്‍ക്കല കഹാര്‍
,, ആര്‍. സെല്‍വരാജ്
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പൊതുഭരണത്തില്‍ പരിപൂര്‍ണ്ണമായ വിശ്വാസ്തതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കര്‍മ്മപരിപാടികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഈ ലക്ഷ്യം നിറവേറ്റുന്നതിനായി ഒരു പേഴ്സണല്‍ പോളിസി രൂപീകരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികള്‍ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>സബ്സിഡികളും ക്ഷേമപദ്ധതികളും</u>

1642 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഇതുവരെ എത്ര തുകയാണ് സബ്സിഡികളും ക്ഷേമപദ്ധതി ആനുകൂല്യങ്ങളുമായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തതെന്ന് വിശദമാക്കുമോ ;

(ബി) ഇതിലൂടെ എത്ര ഗുണഭോക്താക്കൾക്കാണ് ഗുണം ലഭിച്ചിട്ടുള്ളത് ;

(സി) റേഷൻ സബ്സിഡി ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>2012-ലെ നയപ്രഖ്യാപനം</u>

1643 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഗവർണ്ണറുടെ 2012-ലെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 2012-2013 വർഷത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; അതിൽ ഏതൊക്കെ പദ്ധതികൾ പൂർണ്ണമാക്കി; ഇതിനായി എത്ര തുക ചെലവാക്കിയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>കേരളത്തിലെ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ</u>

1644 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരംഭിക്കുമെന്ന് കേന്ദ്രസർക്കാരിൽ നിന്നും വാഗ്ദാനം ലഭിച്ച കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ എത്രയെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ ഇനിയും ആരംഭിക്കാത്ത കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി</u>

1645

ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഇടുക്കി ജില്ലയിൽ നിന്ന് എത്ര പരാതികളാണ് ലഭിച്ചത് ; എത്ര പരാതികൾ ഇതുവരെ പരിഹരിച്ചു നൽകി ;

(ബി) ഇടുക്കി ജില്ലയിൽ ഇതുവരെ പരിഹരിച്ചുനൽകാത്തതായി എത്ര പരാതികളാണ് ഉള്ളത് ; ഇവ പരിഹരിച്ച് നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ട് ; വിശദാംശം നൽകുമോ ;

(സി) പരാതികൾ അടിയന്തിരമായി പരിഹരിക്കുന്നതിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഓഫീസുകളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുവാന്‍ നടപടി

1646 ശ്രീ. മോന്‍സ് ജോസഫ്
,, തോമസ് ഉണ്ണിയാടന്‍
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ പ്രവര്‍ത്തനങ്ങള്‍ കൂടുതല്‍ കാര്യക്ഷമമാക്കുന്നതിനായി എല്ലാ ഓഫീസുകളിലും മാസത്തിലൊരിക്കലെങ്കിലും മിന്നല്‍പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജനങ്ങള്‍ക്ക് കൃത്യസമയത്ത് സേവനം ലഭ്യമാക്കുന്നതിന് മിന്നല്‍പരിശോധനകള്‍ നടത്തുന്നത് സഹായകമാകുമെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ആയത് സംബന്ധിച്ച് എന്തൊക്കെ നടപടികള്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർക്ക് പെർഫോമൻസ് മോണിട്ടറിംഗ് സിസ്റ്റം</u>

1647 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് പേർഫോമൻസ് മോണിട്ടറിംഗ് സിസ്റ്റം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഓരോ വകുപ്പിലും പെർഫോമൻസ് മോണിട്ടർ ചെയ്യുന്നതിനായി ഒരു ഉന്നതതല സമിതിയെ ചുമതലപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ;

(സി) ആധുനിക സാങ്കേതിക വിദ്യകളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പെർഫോമൻസ് ടാർജറ്റ് പുനർനിർണ്ണയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിലേയ്ക്കായി ഭരണപരിഷ്ക്കാര സമിതിയെ നിയമിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>ഐഡിയാസ് സംവിധാനം</u>

1648 ശ്രീ. പി. എ. മാധവൻ
'' പാലോട് രവി
'' എ. പി. അബ്ദുള്ളക്കുട്ടി
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐഡിയാസ് സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഫയലുകളുടെ നീക്കം നിരീക്ഷിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വകുപ്പുകളിലാണ് ഈ സംവിധാനം നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ പ്രധാന സർക്കാർ ഓഫീസുകളിലും ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് വഴി വിവരങ്ങൾ അറിയുവാനുള്ള സംവിധാനം ഒരുക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഫയൽ ട്രാക്കിംഗ് സിസ്റ്റം

1649 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര വകുപ്പുകളിൽ ഫയൽ ട്രാക്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഇതു പൂർണ്ണമായും ജനങ്ങൾക്ക് ഫയൽ മൂവ്മെന്റ് അറിയത്തക്കവിധം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഫയൽ ട്രാക്കിംഗ് സിസ്റ്റം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഫയൽ നടപടികളിലെ കാലതാമസം</u>

1650 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നിയമസഭാസാമാജികരുടെ ആസ്തി വികസന ഫണ്ട് ഉപയോഗ്യമാക്കിയുള്ള പദ്ധതികളിൽ അധികവും മൂന്നു വകുപ്പുകളിലൂടെയുള്ള നിരവധി തട്ടുകളിലൂടെ പൂർത്തിയാക്കേണ്ടുന്നതിനാൽ, സമയബന്ധിതമായി ഫയൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാത്ത നിരവധി സാഹചര്യങ്ങൾ നിലവിലുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക വർഷാവസാനത്തിനു മുൻപ് സമയബന്ധിതമായി അനുബന്ധ ഫയൽ ജോലികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി ജീവനക്കാർക്കായി പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇല്ലായെങ്കിൽ അടിയന്തിരമായി മതിയായ നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) യഥാസമയം കൃത്യമായി ഫയൽ നടപടികൾ പൂർത്തിയാക്കാതെ അകാരണമായി ചില ജീവനക്കാർ ഫയൽ നടപടികൾ വൈകിക്കുന്നത് മുഖാന്തിരം പൂർത്തീകരിക്കേണ്ട പദ്ധതികൾ ലാപ്സായി പോകുന്ന സാഹചര്യം നിലവിലുള്ളത് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലായെങ്കിൽ അടിയന്തിരമായി അനുബന്ധ വിഷയത്തിൻമേൽ ഒരു വിലയിരുത്തലും തുടർനടപടിയും സ്വീകരിക്കുന്നതിന് തയ്യാറാകുമോ;

(എഫ്) ജീവനക്കാരുടെ കെടുകാര്യസ്ഥത മുഖാന്തിരം കോടിക്കണക്കിനായ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഫയൽ നടപടി ക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് ആയതിന് ഉത്തരവാദികളായവർക്കെതിരെ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള ശിക്ഷണ നടപടികൾ സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(ജി) ഫയൽ നടപടി ക്രമങ്ങളുടെ താമസം മൂലം പദ്ധതി തുക ലാപ്സായി പോകുന്ന സാഹചര്യം വിലയിരുത്തി വീഴ്ച വരുത്തിയിട്ടുള്ളവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള ശ്രമമുണ്ടാകുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിനങ്ങൾ</u>

1651

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആഫീസുകളുടെ പ്രവൃത്തിദിനങ്ങൾ ആഴ്ചയിൽ അഞ്ചു ദിവസമാക്കി മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ആയതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

റിട്ടയർ ചെയ്ത സർക്കാർ ഉദ്യോഗസ്ഥരുടെ സേവനം

1652 ശ്രീ. കെ.എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി.ബി. അബ്ദുൾ റസാക്
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സേവനമേഖലയിൽ റിട്ടയർ ചെയ്ത സർക്കാർ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മേഖലകളിലാണ് അങ്ങനെ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

## ഇ–മെയിൽ വഴി ലഭ്യമായ അപേക്ഷകൾ

1653

### ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 – ൽ മുഖ്യമന്ത്രിക്ക് ഇ– മെയിൽ വഴി ലഭ്യമായ അപേക്ഷകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ലഭ്യമായ ഇ – മെയിൽ അപേക്ഷകളിൽ എത്ര എണ്ണത്തിന്മേൽ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) നടപടി സ്വീകരിക്കാത്ത ഇ – മെയിൽ അപേക്ഷകൾ എത്രയാണെന്നും നടപടി സ്വീകരിക്കാതിരിക്കാൻ കാരണങ്ങളെന്തെല്ലാമാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>പത്മഭൂഷൺ ബഹുമതി</u>

T. 1654 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്മഭൂഷൺ ബഹുമതിക്കായി ഏതൊക്കെ വ്യക്തികളെയാണ് നിർദ്ദേശിച്ചത്; വിശദാംശം നൽകുമോ;

(ബി) പത്മഭൂഷൺ ബഹുമതിക്കായി ഒരാളുടെ പേരു മാത്രം നിർദ്ദേശിക്കാനിടയായ സാഹചര്യം വിശദീകരിക്കുമോ;

(സി) സംസ്ഥാനസർക്കാർ നിർദ്ദേശിച്ച വ്യക്തിക്ക് പത്മഭൂഷൺ ലഭിക്കാതെപോയ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഭരണഭാഷ മലയാളം</u>

1655 ശ്രീ. പി. എ. മാധവൻ
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം ഭരണഭാഷയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) വകുപ്പ് തലങ്ങളിൽ ഔദ്യോഗിക ഭാഷാ സമിതികൾ രൂപവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ ഭാഷാ സമിതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ സമിതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും ഉറപ്പുവരുത്തുവാനും എന്തെല്ലാം ഭരണതല സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

ഭരണഭാഷ മലയാളത്തിലാക്കികൊണ്ടുള്ള ഉത്തരവ്

1656 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2002-ലെ കേരളപ്പിറവി ദിനത്തിൽ ആറ് വകുപ്പുകളിൽ ഭരണഭാഷ മലയാളമാക്കി ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം സെക്രട്ടേറിയറ്റിലെ ഏതെല്ലാം വകുപ്പുകളിൽ ആയത് നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഭരണഭാഷ മലയാളത്തിലാക്കിക്കൊണ്ടുള്ള ഉത്തരവ് സെക്രട്ടേറിയറ്റിലെ പല വകുപ്പുകളിലും പാലിക്കപ്പെടുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഭരണഭാഷ മലയാളമാക്കിയ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായാണോ സർക്കാർ ജോലിക്ക് മലയാളം നിർബന്ധിതമാക്കിയതെന്ന് അറിയിക്കുമോ;

(ഡി) സർക്കാർ ജോലിക്ക് മലയാളം നിർബന്ധിതമാക്കിയ നടപടി എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്നറിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം പാഠ്യവിഷയമാക്കാൻ നടപടി</u>

1657 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കുകയും സർക്കാർ ജോലിക്ക് മലയാളം നിർബന്ധമാക്കുകയും ചെയ്ത സാഹചര്യത്തിലും സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം പാഠ്യവിഷയമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരുമായാലോചിച്ച് ഈ സ്കൂളുകളിലെ മലയാളികളായ കുട്ടികൾക്കെങ്കിലും മാതൃഭാഷ പഠിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ വിഷയത്തിൽ മുമ്പ് കേന്ദ്ര സർക്കാരിന്റെ നിലപാട് തേടിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

## ബജറ്റുകളിൽ കേരളത്തിനർഹമായ പരിഗണന

1658 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എ. കെ. ബാലൻ
,, കെ. സുരേഷ് കുറുപ്പ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബജറ്റുകളിൽ കേരളത്തിനർഹമായ പരിഗണനകളൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുവാൻ സർവ്വകക്ഷിനിവേദകസംഘം പോവുക എന്ന നിർദ്ദേശം സർക്കാർ പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ;

(ബി) ഒറ്റക്കെട്ടായ ആവശ്യങ്ങളാണ് കേരളം ഉന്നയിക്കുന്നതെന്ന് പ്രധാനമന്ത്രിക്ക് ബോദ്ധ്യമാകാൻ സർവ്വകക്ഷി നിവേദകസംഘത്തെ അയയ്ക്കാമായിരുന്നില്ലേ;

(സി) റെയിൽവേ ബജറ്റും പൊതുബജറ്റും പാർലമെന്റിൽ അവതരിപ്പിച്ചതിനുശേഷം മുഖ്യമന്ത്രിയ്ക്ക് പ്രധാനമന്ത്രിയെ നേരിൽക്കണ്ട് കേരളത്തിലെ പ്രശ്നങ്ങളുടെ ഗൗരവാവസ്ഥ ബോദ്ധ്യപ്പെടുത്താൻ സാദ്ധ്യമായോ;

(ഡി) കേരളത്തിന്റെ പ്രശ്നങ്ങൾ കേന്ദ്രം നോക്കിക്കൊള്ളും എന്ന നിലപാട് സംസ്ഥാന സർക്കാരിന് ഉണ്ടോ; കേന്ദ്രഗവർമെണ്ടിൽ ഒറ്റക്കെട്ടായി സമ്മർദ്ദം ചെലുത്തുവാൻ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>കേന്ദ്ര സർക്കാരിന് നൽകിയ നിവേദനം</u>

1659

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുബഡ്ജറ്റിനും റെയിൽവേ ബഡ്ജറ്റിനും ശേഷം സംസ്ഥാന സർക്കാർ എന്തൊക്കെ ആവശ്യങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുള്ളത്;

(ബി) സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ കേന്ദ്രം പരിഗണിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>പെട്രോളിന്റെയും ഡീസലിന്റെയും നികുതികൾ</u>

1660 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു ലിറ്റർ ഡീസലിന്മേലും പെട്രോളിന്മേലും കേന്ദ്ര സർക്കാർ ചുമത്തുന്ന എക്സൈസ്, കസ്റ്റംസ് നികുതികൾ എത്ര രൂപ വീതമാണ്;

(ബി) ഈ നികുതികൾ കുറയ്ക്കുന്നതിന് കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാന സർക്കാർ എത്ര രൂപ വീതമാണ് നികുതി ചുമത്തുന്നത്;

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പെട്രോളിയം ഉല്പന്നങ്ങളുടെയും വളങ്ങളുടെയും വില നിയന്ത്രണം</u>

1661 ശ്രീ. ജി.സുധാകരൻ
,, എ.പ്രദീപ്കുമാർ
പ്രൊഫ. സി.രവീന്ദ്രനാഥ്
,, കെ.വി.വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉല്പന്നങ്ങളുടെയും വളങ്ങളുടെയും വില നിയന്ത്രണം എടുത്ത് കളഞ്ഞതുൾപ്പെടെയുള്ള കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന വിവിധ നയ സമീപനങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ് ഘടനയേയും ജനങ്ങളേയും ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുകയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രത്യാഘാതങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ യു.പി.എ.സർക്കാർ പിന്തുടർന്നു വരുന്ന നയങ്ങളിൽ മാറ്റം വരുത്തിക്കാൻ, സംസ്ഥാനത്തു നിന്നുള്ള പാർലമെന്റ് അംഗങ്ങൾ വഴി എന്തെങ്കിലും ശ്രമം നടത്താനുദ്ദേശിക്കുന്നുണ്ടോ;

(സി) ഈ വിഷയത്തിൽ പ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി ചർച്ച നടത്തുകയുണ്ടായിട്ടുണ്ടോ; ചർച്ചയിൽ എന്തെങ്കിലും ഉറപ്പ് ഏതെങ്കിലും കാര്യത്തിൽ ലഭിക്കുകയുണ്ടായോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

ഇറ്റാലിയൻ നാവികരെ തിരിച്ചു കൊണ്ടുവരാൻ
സ്വീകരിച്ച നടപടികൾ

1662 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യത്തൊഴിലാളികളെ കടലിൽ വച്ച് വെടിവച്ചു കൊലപ്പെടുത്തിയ ഇറ്റാലിയൻ നാവികർ ഇറ്റലിയിൽ നിന്നും ഇനി മടങ്ങിവരില്ലായെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ ഇന്ത്യയിൽ തിരിച്ചെത്തിക്കുന്നതിന് കേരള സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ഇറ്റാലിയൻ നാവികർക്കെതിരെ സ്വീകരിച്ച നടപടി</u>

1663

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന ഇറ്റാലിയൻ നാവികർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ഇവരെ ഇന്ത്യയിൽത്തന്നെ വിചാരണ ചെയ്യുന്നതിനായി ഈ സർക്കാർ ദീർഘവീക്ഷണത്തോടുകൂടി നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് അത്തരം നടപടി സ്വീകരിച്ചില്ലെന്നുള്ള വിവരം നൽകുമോ;

(സി) അനാഥമായ പ്രസ്തുത മത്സ്യത്തൊഴിലാളി കുടുംബത്തിന് എന്തെല്ലാം ആനുകൂല്യങ്ങൾ കേരള സർക്കാർ ഇതുവരെ നൽകിയെന്നുള്ള വിശദവിവരം നൽകുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

ഇറ്റാലിയന്‍ അംബാസിഡര്‍ക്കെതിരെ കേസ്സെടുക്കുന്നതിന് നടപടി

1664 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇറ്റാലിയന്‍ സൈനികര്‍ക്ക് ജാമ്യം നിന്ന അംബാസിഡര്‍ക്കെതിരെ കേസ്സെടുക്കുന്നതിന് കേന്ദ്രത്തില്‍ സമ്മര്‍ദ്ദം ചെലുത്തുന്നതിനും മറ്റ് നടപടികള്‍ സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(ബി) എങ്കില്‍ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>കടൽകൊല</u>

1665 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ അധികാര പരിധിയിൽ വരുന്ന സമുദ്രാതിർത്തിയിൽ രണ്ട് മത്സ്യതൊഴിലാളികളെ വെടിവെച്ചുകൊന്ന ഇറ്റാലിയൻ നാവികരുടെ ജാമ്യാപേക്ഷകൾ കോടതി പരിഗണിച്ചപ്പോൾ ജാമ്യം സംബന്ധിച്ച് സംസ്ഥാന സർക്കാർ നിലപാടെന്തായിരുന്നു;

(ബി) സംസ്ഥാന സർക്കാർ ജാമ്യം നിഷേധിക്കണമെന്നാവശ്യപ്പെട്ട് സത്യവാങ്മൂലം സമർപ്പിച്ചിരുന്നുവോ; എങ്കിൽ ആയതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വെക്കുമോ;

(സി) കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ പിടിപ്പ്കേട് കൊണ്ടാണ് ഇറ്റാലിയൻ നാവികർ രാജ്യം വിടാനിടയായതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇറ്റാലിയൻ നാവികരെ ഇനി ഇന്ത്യയിലേക്ക് അയക്കില്ലെന്ന ഇറ്റലിയുടെ അറിയിപ്പ് കേന്ദ്ര സർക്കാരിന് ലഭിച്ചതിനു ശേഷം സംസ്ഥാന സർക്കാരിന്റെ ഭാഗമായി ആരെങ്കിലും കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>വിദേശസഹായം ലഭിക്കുന്ന ട്രസ്റ്റുകളും സന്നദ്ധസംഘടനകളും</u>

1666 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ സഹായം ലഭിക്കുന്ന എത്ര ട്രസ്റ്റുകളും സന്നദ്ധ സംഘടനകളും സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവ ഏതൊക്കെയെന്ന് അറിയിക്കാമോ ;

(ബി) ഇവ ഓരോന്നും 2011–2012, 2012–2013 സാമ്പത്തിക വർഷങ്ങളിൽ കൈപ്പറ്റിയ വിദേശ ധനസഹായം എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഗള്‍ഫ് നാടുകളിലെ എംബസികളിലെ സേവനം</u>

1667 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗള്‍ഫ് നാടുകളിലെ എംബസികളിലെ സേവനം മെച്ചപ്പെടുത്തുന്നതിനായി 2011 ന് ശേഷം സംസ്ഥാന സര്‍ക്കാര്‍ കേന്ദ്ര സര്‍ക്കാരിന് നിര്‍ദ്ദേശങ്ങള്‍ സമര്‍പ്പിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത നിര്‍ദ്ദേശങ്ങള്‍ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

1668 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സേവനാവകാശ നിയമം ഇതുവരെ പ്രാബല്യത്തിൽ വരാത്ത വകുപ്പുകളിൽ എന്ന് മുതലാണ് സേവനാവ കാശ നിയമം പ്രാബല്യത്തിൽ വരുത്താനുദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>വിവരാവകാശ നിയമം</u>

1669 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിന് കാലതാമസം വരുത്തിയതിന്റെ പേരിൽ ഇതുവരെ എത്ര ഉദ്യോഗസ്ഥർമാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ശിക്ഷാനടപടിയുടെ ഭാഗമായി വിവരാവകാശ കമ്മീഷൻ പിഴയിനത്തിൽ എത്ര തുക ഇതുവരെ ചുമത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) വിവരാവകാശനിയമം നടപ്പിലാക്കിയത് മൂലം സിവിൽ സർവ്വീസിൽ അഴിമതി കുറയ്ക്കുന്നതിനും നടപടികളിൽ സുതാര്യത ഉറപ്പു വരുത്തുന്നതിനും സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്ന പദ്ധതി</u>

1670 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വയനാട് ജില്ലയിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) ജില്ലയിലെ എല്ലാ ഗുണഭോക്താക്കൾക്കും ബാങ്ക് അക്കൗണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>മൂന്നാർമേഖലയിലെ ഭൂമികൈയ്യേറ്റം</u>

1671 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിൽ ഭൂമി കയ്യേറ്റം വ്യാപകമായി നടക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

(സി) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മൂന്നാറിലെ കയ്യേറ്റ ഭൂമികൾ ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രത്യേക ദൗത്യ സംഘത്തെ നിശ്ചയിക്കുന്നകാര്യം പരിഗണിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>അതിഥി സൽക്കാരങ്ങൾ</u>

1672 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാന മന്ത്രിമാരും ചീഫ് വിപ്പും അതിഥി സൽക്കാരത്തിനായി സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോരുത്തരും ചെലവഴിച്ച തുകയുടെ വിവരങ്ങൾ പ്രത്യേകം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വിദേശയാത്രകള്‍</u>

1673 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെയും, സംസ്ഥാന മന്ത്രിമാരുടെയും വിദേശ യാത്രകള്‍ക്ക് കേന്ദ്ര സര്‍ക്കാരിന്റെയും പി.എം.ഒ യുടെയും ക്ലിയറന്‍സ് ലഭ്യമായിരുന്നോ; എങ്കില്‍ ഒരോ മന്ത്രിമാര്‍ക്കും വിദേശ യാത്രക്ക് കേന്ദ്രം നല്‍കിയ ക്ലിയറന്‍സ് സര്‍ട്ടിഫിക്കറ്റിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

(ബി) മുഖ്യമന്ത്രിയും ഒരോ മന്ത്രിമാരും ഒരോ തവണയും വിദേശയാത്ര നടത്തിയതിന്റെ കാരണം വിശദമാക്കാമോ;

(സി) ഈ ഓരോ വിദേശയാത്രകള്‍ വഴി സംസ്ഥാനത്തിന് എന്തെങ്കിലും നേട്ടങ്ങള്‍ ഉണ്ടായിട്ടുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഡൽഹി സന്ദർശനം</u>

1674 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാർലമെന്റിൽ റയിൽവേ ബഡ്ജറ്റും, ധനകാര്യ ബഡ്ജറ്റും അവതരിപ്പിച്ചതിന് ശേഷം, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും അടങ്ങിയ സംഘം, സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നതിലേക്ക് കേന്ദ്രമന്ത്രിമാരെ കാണുന്നതിനായി ഡൽഹിയിൽ പോയത് ഏത് തീയതിയിലാണ്; ഇതിനായി എത്ര ദിവസം ഡൽഹിയിൽ കഴിയേണ്ടി വന്നു;

(ബി) ഏതെങ്കിലും കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവ് ലഭിക്കുകയുണ്ടായോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

വനം വകുപ്പുമന്ത്രിയുടെ വിദേശ പര്യടനം

1675 ശ്രീ. സി. കെ. സദാശിവൻ
,, കെ. വി. അബ്ദുൾ ഖാദർ
,, പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പുമന്ത്രി ഏതെല്ലാം വിദേശ രാജ്യങ്ങളിൽ, എത്ര തവണ ഔദ്യോഗികമായും സ്വകാര്യവുമായ ആവശ്യങ്ങൾക്ക് സന്ദർശനം നടത്തിയിട്ടുണ്ട് ; ഈ സന്ദർശനങ്ങൾക്കെല്ലാം കേന്ദ്ര വിദേശകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; ലഭിച്ച അനുമതിയുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(ബി) വനം വകുപ്പുമന്ത്രി വിദേശ പര്യടനത്തിലായിരുന്ന ഓരോ അവസരത്തിലും അദ്ദേഹത്തിന്റെ വകുപ്പുകളുടെ ചുമതല മറ്റാർക്കു നൽകാനായിരുന്നു മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നത് ; ഓരോ വേളയിലും ഇതിനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(സി) മന്ത്രിയുടെ ഓരോ വിദേശപര്യടനവും എന്തെല്ലാം ഔദ്യോഗിക ആവശ്യങ്ങൾക്ക് വേണ്ടിയായിരുന്നു ; ഓരോ ഘട്ടത്തിലും ഇതിനായി ഖജനാവിൽ നിന്നും ചെലവായ തുക എത്ര വീതം ;

(ഡി) ആരുടെയെങ്കിലും ക്ഷണം സ്വീകരിച്ച് വിദേശയാത്ര നടത്തിയിട്ടുണ്ടോ ; എങ്കിൽ ആരുടേത് ; എപ്പോഴെല്ലാം ; ചെലവുകൾ വഹിച്ചത് ആരെല്ലാം ;

(ഇ) ഓരോ വിദേശ യാത്രാവേളയിലും മുൻകൂട്ടി തയ്യാറാക്കിയ യാത്രാപരിപാടികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ; ഏതെല്ലാം വേളയിൽ പരിപാടിയിൽ മാറ്റം വരുത്തി ; മറ്റേതെങ്കിലും സ്ഥലത്ത് പോവുകയുണ്ടായോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ചീഫ് വിപ്പിന് അനുവദിച്ച സൗകര്യങ്ങൾ</u>

1676 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ചീഫ് വിപ്പിന് താമസിക്കാൻ ടൂറിസം വകുപ്പ് വാടകയ്ക് എടുത്തു നല്കിയ ഏറ്റവും ഒടുവിലത്തെ വീടിന്റെ വാടക എത്രയാണ്; ഒഴിവാക്കിയ വീടിന്റെ വാടക എത്രയായിരുന്നു; ചീഫ് വിപ്പിന് വേണ്ടി എത്ര മാസത്തെ വാടക കെട്ടിടഉടമയ്ക്ക് നല്കുകയുണ്ടായി;

(ബി) ഗവൺമെന്റ് ചീഫ് വിപ്പ് താമസമാക്കിയതിനുശേഷം പ്രസ്തുത കെട്ടിടത്തിനുവേണ്ടി സർക്കാർ ഖജനാവിൽനിന്നും ചെലവായ മൊത്തം തുക എത്ര; വൈദ്യുതി, ഫർണീച്ചർ, വീട്ട്സാമഗ്രികൾ തുടങ്ങി ഏതെല്ലാം ഇനത്തിന് എന്തു തുക ചെലവഴിക്കുകയുണ്ടായി;

(സി) പുതിയ വീട്ടിൽ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തികിട്ടാൻ നിർദ്ദേശം ലഭിക്കുകയുണ്ടായി; ഇതിനകം ചെലവായ തുക എത്ര?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ടെലിഫോൺ ചാർജ്</u>

1677

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാനത്തെ ഓരോ മന്ത്രിയുടേയും ചീഫ് വിപ്പിന്റേയും പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ മൊബൈൽ ഫോൺ, ലാൻഡ് ഫോൺ ചാർജ്ജിനത്തിൽ സംസ്ഥാന ഖജനാവിൽ നിന്നും ചെലവായ തുക പ്രത്യേകം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സർക്കാർ ഉദ്യോഗസ്ഥരുടെ വിദേശയാത്രകൾ</u>

1678 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സർക്കാർ ഉദ്യോഗസ്ഥർ സർക്കാർ ചെലവിൽ വിദേശത്ത് പോയിട്ടുണ്ട്; ഇവർ ആരൊക്കെയെന്നും ഇവരുടെ ഉദ്യോഗപ്പേരും വ്യക്തമാക്കാമോ;

(ബി) എന്തൊക്കെ ആവശ്യങ്ങൾക്കാണ് ഇവർ ഈ യാത്ര നടത്തിയത് ; യാത്രകൾക്ക് ചെലവഴിച്ച തുക എത്ര;

(സി) ഗവൺമെന്റിന്റെ അനുമതിയില്ലാതെ ആരെങ്കിലും ഇത്തരം യാത്ര നടത്തിയിട്ടുണ്ടോ ; എങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടികളെന്തൊക്കെ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

വനം വകുപ്പു മന്ത്രിക്കെതിരായ ആരോപണം

1679 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, സാജു പോൾ
,, എം. ചന്ദ്രൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പു മന്ത്രിയുടെ ഭാര്യ 2013 മാർച്ച് 7-ാം തീയതി രാവിലെ ക്ലിഫ് ഹൗസിലെത്തി മുഖ്യമന്ത്രിയെ നേരിൽ കാണുകയുണ്ടായോ;

(ബി) ഗവൺമെന്റ് ചീഫ് വിപ്പ് പത്രസമ്മേളനം നടത്തി വനം വകുപ്പുമന്ത്രിക്കെതിരെ ഉന്നയിച്ച ആക്ഷേപങ്ങൾ ശരി വെക്കുന്ന നിലയിൽ ഡോ. യാമിനി തങ്കച്ചി മുഖ്യമന്ത്രി യോട് സംസാരിക്കുകയുണ്ടായോ;

(സി) ഗവൺമെന്റ് ചീഫ് വിപ്പ് മുഖ്യമന്ത്രിയ്ക്ക് തന്ന പരാതി യിൽ പറയുന്ന സംഗതികളെയും ഡോ. യാമിനി തങ്കച്ചി നേരിലും ഹർജിയിലും പറഞ്ഞ കാര്യങ്ങളെയും കുറിച്ച് അന്വേഷിക്കാൻ മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായോ; അന്വേഷിക്കാൻ ചുമതലപ്പെടുത്തിയത് ആരെയാണ്;

(ഡി) സന്ദർശനവേളയിൽ ഡോ. യാമിനി മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതി തിരസ്കരിക്കുകയുണ്ടായോ; എങ്കിൽ കാരണം എന്താണ്;

(ഇ) ഗവൺമെന്റ് ചീഫ് വിപ്പിന്റെ ആരോപണം വസ്തുതാപ രമാണോ അല്ലയോ എന്ന് അന്വേഷണത്തിൽ തെളിഞ്ഞി ട്ടുണ്ടോ; ആണെങ്കിൽ സ്വീകരിച്ച നടപടി എന്താണ്;

(എഫ്) അല്ലെങ്കിൽ മന്ത്രിസഭയിലെ ഒരംഗത്തെക്കുറിച്ച് പരസ്യ മായി ആരോപണം ഉന്നയിക്കുകയും മുഖ്യമന്ത്രിക്ക് പരാതി നൽകുകയും തെളിവുകൾ ഉണ്ടെന്ന് ആവർത്തി ക്കുകയും ചെയ്ത ജോർജിനെതിരെ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കുമോ;

(ജി) ശ്രീ. ജോർജിനെതിരെ ആരോപിതനായ മന്ത്രി മുഖ്യമ ന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഘടകകക്ഷി ചെയർമാന്റെ കത്തിന്മേലുള്ള നടപടി

1680 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭരണമുന്നണിയിലെ ഘടകകക്ഷിയുടെ മന്ത്രിസഭയിലെ പ്രതിനിധിയെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ഘടകകക്ഷി ചെയർമാൻ മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരിരുന്നുവോ;

(ബി) എന്തൊക്കെ കാരണങ്ങളാലാണ് മന്തിസഭാംഗത്തെ ഒഴിവാക്കണമെന്നാവശ്യപ്പെട്ടതെന്ന് വിശദമാക്കാമോ;

(സി) ഈ കത്തിന്മേൽ മുഖ്യമന്ത്രി എന്ത് നിലപാടു സ്വീകരിച്ചെന്ന് വിശദമാക്കുമോ?

(ഡി) മന്ത്രി സഭാംഗത്തെ എന്നത്തേയ്ക്ക് ഒഴിവാക്കുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മന്ത്രിക്കെതിരെയുള്ള പരാതി</u>

1681 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിസഭയിലെ അംഗമായ ശ്രീ. കെ. ബി. ഗണേഷ്കുമാറിനെതിരെ ക്യാബിനറ്റ് പദവിയുള്ള ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് 2013 മാർച്ച് 3-ാം തീയതി ഈരാറ്റുപേട്ടയിലെ സ്വവസതിയിൽ വച്ച് മാധ്യമ പ്രവർത്തകരോട് വെളിപ്പെടുത്തിയ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തുടർന്ന് ഗണേഷ്കുമാറിനെതിരെ സർക്കാർ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ സത്യാവസ്ഥ കണ്ടെത്തുന്നതിന് സർക്കാർ സ്വീകരിച്ച അന്വേഷണ നടപടികളെന്തൊക്കെയാണ്;

(ഡി) ആരോപണം തെറ്റെങ്കിൽ, സംസ്ഥാന ഭരണത്തിൽ ഉത്തരവാദിത്തപ്പെട്ട പദവിയിലിരിക്കുന്നയാൾ സംസ്ഥാന മന്ത്രിക്കെതിരെ അടിസ്ഥാന രഹിത ആരോപണമുന്നയിച്ചാൽ ആ പദവിയിൽ നിന്നും ആദ്ദേഹത്തെ പുറത്താക്കുമോ; അതിനായി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മന്ത്രിക്കെതിരെയുള്ള പരാതി</u>

1682 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രിയെക്കുറിച്ച് ക്യാബിനറ്റ് പദവിയുള്ള ചീഫ് വിപ്പ് മുഖ്യമന്ത്രിയ്ക്ക് നൽകിയതായി പറയുന്ന രേഖാമൂലമുള്ള പരാതിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പരാതി എന്നാണ് ലഭിച്ചതെന്നും പരാതിയുടെ ഉള്ളടക്കം എന്താണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

ഗാർഹിക പീഡനം

1683 ശ്രീ. കെ.സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയുടെ ഭാര്യ മുഖ്യമന്ത്രിയോട് തനിക്കനുഭവിക്കേണ്ടിവന്ന ഗാർഹിക പീഡനം സംബന്ധിച്ച് രേഖാമൂലമോ വാക്കാലോ പരാതിപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇങ്ങനെ ഒരു പരാതി മന്ത്രിയുടെ പത്നി മുഖ്യമന്ത്രിക്ക് നൽകിയിരുന്നെന്നും മുഖ്യമന്ത്രി പരാതി സ്വീകരിച്ചില്ലെന്നുമുള്ള ചീഫ് വിപ്പിന്റെ ആരോപണത്തിനെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>വനം വകുപ്പു മന്ത്രിക്കെതിരെയുള്ള പരാതി</u>

1684 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിൽ ക്യാബിനറ്റ് പദവിയുള്ള ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ്ജിനെതിരെ സംസ്ഥാന മന്ത്രിസഭയിലെ അംഗമായ ശ്രീ. കെ. ബി. ഗണേഷ്കുമാർ മുഖ്യമന്ത്രിയ്ക്ക് രേഖാമൂലം പരാതി നൽകിയിട്ടുണ്ടോ;

(ബി) പരാതിയുടെ ഉള്ളടക്കം വ്യക്തമാക്കാമോ; പരാതിയിൽ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ; പരാതിയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

വനംവകുപ്പ് മന്ത്രിക്കെതിരെ ഉന്നയിച്ച ആക്ഷേപങ്ങൾ

1685 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് മന്ത്രിക്കെതിരെ ഗവ. ചീഫ് വിപ്പ് പത്രസമ്മേളനം നടത്തി ഉന്നയിച്ച ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായോ; അവ എന്തൊക്കെയായിരുന്നു;

(ബി) ആരോപിക്കപ്പെട്ട സംഭവം സംബന്ധിച്ച്, ഗവ. ചീഫ് വീപ്പ്, വനംവകുപ്പ്മന്ത്രി, വനംവകുപ്പ് മന്ത്രിയുടെ ഭാര്യ തുടങ്ങി ആരിൽനിന്നെല്ലാം മുഖ്യമന്ത്രിയ്ക്ക് നേരിൽ കണ്ടോ അല്ലാതെയോ പരാതി ലഭിക്കുകയുണ്ടായി;

(സി) പോലീസിന്റെ സ്പെഷ്യൽ ബ്രാഞ്ച് വഴി ലഭിച്ച റിപ്പോർട്ട് എന്തായിരുന്നു; ലഭിച്ച കത്തുകളും ഔദ്യോഗികമായ റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ഡി) ഗവ. ചീഫ് വിപ്പിന്റെ വെളിപ്പെടുത്തലുകളെ തുടർന്ന് ഈ വിഷയത്തിൽ മുഖ്യമന്ത്രി കൈക്കൊണ്ട നടപടികൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ; ഏതെങ്കിലും നിലയിൽ അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ വിശദമാക്കാമോ;

(ഇ) ഗവ. ചീഫ് വിപ്പിന്റെ വെളിപ്പെടുത്തലുകൾ വാസ്തവവിരുദ്ധമാണെന്ന് കണ്ടെത്തിയോ; എങ്കിൽ ഗവ. ചീഫ് വിപ്പിന്റെ നടപടി സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ; സ്വീകരിച്ച മേൽനടപടി വിശദമാമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിലെ അഴിമതി</u>

1686 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പിൽ വ്യാപകമായ അഴിമതി നടക്കുന്നുണ്ടെന്നും ഇതിൽ വകുപ്പുമന്ത്രിക്കുകൂടി പങ്കാളിത്തം ഉണ്ടെന്നുമുള്ള ഭരണമുന്നണിയിലെ ഘടകകക്ഷിയായ കേരള കോൺഗ്രസ് (ബി) യുടെ ചെയർമാന്റെ മാധ്യമങ്ങൾ വഴിയുള്ള പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സർക്കാർ ഇത് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത അഭിപ്രായം സർക്കാർ മുഖവിലക്കെടുക്കുമോ ;

(ഡി) പ്രസ്തുത വകുപ്പുമന്ത്രിയെ ഒഴിവാക്കാൻ മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>അന്വേഷണ കമ്മീഷനുകൾ</u>

1687 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് ഏതെല്ലാം അന്വേഷണകമ്മീഷനുകളെയാണ് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം അന്വേഷണ കമ്മീഷനുകളുടെ റിപ്പോർട്ട് ആണ് ലഭിച്ചിട്ടുള്ളത്;

(സി) സർക്കാരിന് ലഭിച്ച കമ്മീഷൻ റിപ്പോർട്ടുകളിൻമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിൽ സർക്കാർ അംഗീകരിച്ച കമ്മീഷൻ റിപ്പോർട്ടുകളേതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഇ) ഏതെങ്കിലും അന്വേഷണകമ്മീഷൻ പ്രവർത്തനം പിന്നീട് വേണ്ടെന്ന് വെച്ചിട്ടുണ്ടോ; എങ്കിൽ ഏത്?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഇൻഡോ-ടിബറ്റൻ ബോർഡർ പോലീസിനു സ്ഥലം നൽകുവാൻ നടപടി</u>

1688 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ സ്ഥലം ഐ.റ്റി.ബി.പി.ക്കു കൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുതസ്ഥലം ഐ.റ്റി.ബി.പി.ക്കു കൈമാറാൻ പാടില്ലെന്ന എം.എൽ.എ.യുടെ കത്ത് ലഭിച്ചിട്ടുണ്ടോ;

(സി) ഐ.റ്റി.ബി.പി.ക്കു കൈമാറാൻ തീരുമാനിച്ചത് ആരോഗ്യവകുപ്പിനുകീഴിലുള്ള വളരെ പ്രധാനപ്പെട്ട ഭൂമിയാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഐ.റ്റി.ബി.പി.ക്കായി ഇത്രയും പ്രധാനമല്ലാത്ത മറ്റേതെങ്കിലും ഭൂമി ലഭിക്കുമോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) കോട്ടയം ജില്ലയിലെ പൂഞ്ഞാറിൽ ഇതിനാവശ്യമായ സ്ഥലം ലഭ്യമാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൂഞ്ഞാറിലെ സ്ഥലം ഐ.റ്റി.ബി.പി.ക്കായി തെരഞ്ഞെടുത്താൽ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ സ്ഥലം ആരോഗ്യവകുപ്പിന്റെ കീഴിലുള്ള വലിയ പദ്ധതികൾക്കായി വിനിയോഗിക്കാമെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പുതുതായി വാങ്ങിയ വാഹനങ്ങൾ</u>

1689 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം ഔദ്യോഗിക ആവശ്യങ്ങൾക്ക് എത്ര പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; വകുപ്പും, വാഹനത്തിന്റെ മോഡലും വിലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള സർക്കാർ വാഹനങ്ങൾ ഗവൺമെന്റ് ആവശ്യത്തിന് പര്യാപ്തമല്ല എന്ന് കരുതുന്നുണ്ടോ;

(സി) ഔദ്യോഗിക ആവശ്യത്തിന് വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഈ സർക്കാർ വന്നതിന് ശേഷം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചതും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ വാഹനങ്ങളുടെ എണ്ണവും ചെലവായ തുകയും വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(ഇ) സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിയന്ത്രിക്കാൻ സർക്കാർ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

1690 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം ആശ്രിതനിയമനത്തിന് അപേക്ഷ നൽകിയിട്ടും നിയമനം ലഭിക്കാത്ത എത്ര അപേക്ഷകർ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>ഐ. എം. ജി. ജീവനക്കാർക്ക് പെൻഷൻ</u>

1691

ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോ;

(സി) പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>നാദാപുരം നിയോജക മണ്ഡലത്തിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും കെട്ടിടം</u>

T. 1692 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ ഓഫീസുകളുടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത സർക്കാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>അഖിൽ കെ. ടി. സമർപ്പിച്ച അപേക്ഷ</u>

1693 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഖിൽ കെ. ടി, കോഴിത്തോട്ടത്തിൽ, അടുക്കത്ത് പി.ഒ എന്നയാൾ സമർപ്പിച്ച 4166/വി.ഐ.പി/സി.എം./2012 തീയതി 23-5-12 നമ്പർ പ്രകാരമുള്ള അപേക്ഷയിൽ തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ സംബന്ധിച്ച് അപേക്ഷകന് എന്തെങ്കിലും അറിയിപ്പുകൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ.;

(സി) ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

1694 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തുന്നുണ്ടോ;

(ബി) എങ്കിൽ 2013 മാർച്ച് 31 വരെ പി.എസ്.സി അഡ്വൈസ് ചെയ്യുകയും ബന്ധപ്പെട്ട വകുപ്പ് 2013 എപ്രിൽ 1 ന് ശേഷം നിയമനം നടത്തുകയും ചെയ്താൽ പ്രസ്തുത ജീവനക്കാർക്ക് ഏതുതരം പെൻഷൻ പദ്ധതിയാണ് സ്വീകരിക്കേണ്ടിവരിക എന്ന് വിശദമാക്കുമോ:

(സി) പ്രസ്തുത ജീവനക്കാരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ജീവനക്കാരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പു മേധാവികൾ പുതിയ നിയമനങ്ങൾ വൈകിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഉണ്ടെങ്കിൽ അതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരെയുള്ള അവഹേളനം</u>

1695 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉദ്യോഗസ്ഥരുടേയും ഭരണാധികാരികളുടേയും ഭാഗത്തു നിന്ന് സ്ത്രീ നിന്ദ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു തടയുന്നതിന് പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ശ്രദ്ധയിൽപെടാതെ പോവുന്നതിന്റെ കാരണം അന്വേഷിക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സെപ്റ്റംബർ 17 പൊതു അവധിയായി പ്രഖ്യാപിക്കാൻ നടപടി</u>

1696 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മജരുടെ പുണ്യദിനമായ സെപ്റ്റംബർ 17 പൊതു അവധിയായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 60 വയസ്സ് കഴിഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുമോ;

(സി) 2003-ൽ വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളിയായി പ്രഖ്യാപിച്ച ഉത്തരവിലെ അപാകതകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുമോ;

(ഡി) കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ സേവനം വിപുലീകരിച്ച് മേഖലാ ഓഫീസ് പുന:സ്ഥാപിക്കുമോ;

(ഇ) വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് സർക്കാർ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; ഈ കമ്മീഷൻ ചെയർമാൻ ആരാണ്; ഇതിന്റെ ആസ്ഥാനം എവിടെയാണ്; പ്രത്യേക ഓഫീസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എത്രയും വേഗം പരിഹാരമുണ്ടാകുമോ; കമ്മീഷന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ രൂപപ്പെടുത്തുന്നതിൽ ഉണ്ടായ കാലതാമസം വ്യക്തമാക്കാമോ; ഇതു പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

വിശ്വകർമ്മ സമുദായത്തിന്റെ പ്രശ്നങ്ങൾ

1697

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

വിശ്വകർമ്മ സമുദായത്തിന്റെ പ്രശ്നങ്ങൾ പഠിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് നൽകുന്നതിന് ആവശ്യമായ ചെലവുകൾ സർക്കാർ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ; റിപ്പോർട്ട് തയ്യാറാക്കാൻ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>വര്‍ഗ്ഗീയ ധ്രുവീകരണം</u>

1698 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, എസ്. ശര്‍മ്മ
,, ബാബു. എം. പാലിശ്ശേരി
,, ബി. സത്യന്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

വര്‍ഗ്ഗീയ ധ്രുവീകരണം ലക്ഷ്യംവെച്ച് ചില മതമൗലികവാദ സംഘടനകള്‍ സംസ്ഥാനത്ത് പ്രവര്‍ത്തിച്ചുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സഭാതർക്കം പരിഹരിക്കാൻ രൂപീകരിച്ച മന്ത്രിതല ഉപസമിതിയുടെ പ്രവർത്തനങ്ങൾ</u>

1699 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യാക്കോബായ - ഓർത്തഡോക്സ് സഭാതർക്കം പരിഹരിക്കാൻ സർക്കാർ രൂപികരിച്ച മന്ത്രിതല ഉപസമിതിയുടെ പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിനകം സമിതി നടത്തിയ സമാധാനശ്രമങ്ങൾ വിശദമാക്കുമോ; നടത്തിയ കൂടിയാലോചനകളുടെ വിശദവിവരം അറിയിക്കുമോ;

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>കുടിവെള്ളപ്പൈപ്പുപൊട്ടൽ</u>

1700 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

തലസ്ഥാനനഗരത്തിൽ നിരന്തരം കുടിവെള്ളപ്പൈപ്പു പൊട്ടി ജനങ്ങളുടെ ദാഹജലം മുട്ടുന്നതിനെ സംബന്ധിച്ചും ആയതു പരിഹരിക്കുന്നതു സംബന്ധിച്ചും മുഖ്യമന്ത്രി കൈക്കൊണ്ട നടപടികളെ സംബന്ധിച്ചു വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>സ്വതന്ത്ര രാഷ്ട്രീയ പ്രവർത്തനം</u>

1701 ശ്രീ. കെ. എൻ. എ. ഖാദർ
,, റ്റി. എ. അഹമ്മദ് കബീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരെ പരസ്പരം കൊലപ്പെടുത്തിയിട്ടുണ്ടെന്ന പ്രമുഖരാഷ്ട്രീയ പാർട്ടി നേതാക്കളുടെ പരസ്യ പ്രസ്താവനകൾ, ജനാധിപത്യ പ്രക്രിയയ്ക്കും, സമാധാനപൂർവ്വമായ രാഷ്ട്രീയ പ്രവർത്തനത്തിനും എതിരെ ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സാധാരണ രാഷ്ട്രീയ പ്രവർത്തകരുടെ ജീവനുനേരെ ഭീഷണി നിലനിർത്തി സ്വതന്ത്രരാഷ്ട്രീയ പ്രവർത്തനം അട്ടിമറിക്കപ്പെടുന്ന സ്ഥിതി വിശേഷം അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യകരമായ രാഷ്ട്രീയ പ്രവർത്തനത്തിന് വേദിയാകേണ്ട കലാലയങ്ങളെയും വിദ്യാർത്ഥി സമൂഹത്തേയും ഈ കൊലവിളി രാഷ്ട്രീയം ദുഷിപ്പിക്കാതിരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മലബാർ സിമന്റ്സ് ജീവനക്കാരന്റെ മരണം</u>

1702 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സ് ജീവനക്കാരൻ സതീന്ദ്രകുമാർ കോയമ്പത്തൂരിൽ വാഹന അപകടത്തിൽ മരണപ്പെട്ടത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി) മലബാർ സിമന്റ്സിലെ അഴിമതി സംബന്ധിച്ച് സതീന്ദ്രകുമാർ മുഖ്യമന്ത്രിക്ക് രേഖാമൂലം പരാതി നൽകിയിട്ടുണ്ടോ; പ്രസ്തുത പരാതി സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ പാർട്ട്ടൈം/ഫുൾടൈം തസ്തികകളിലെ നിയമനം</u>

1703 **ശ്രീ എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ പാർട്ട് ടൈം/ഫുൾടൈം സ്വീപ്പർ, സാനിറ്റേഷൻ വർക്കർ തസ്തികയിലും പാർടൈം/ഫുൾടൈം ഗാർഡ്നർ തസ്തികയിലും ഈ സർക്കാരിന്റെ കാലത്ത് എത്ര റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ബി) പ്രസ്തുത റിട്ടയർമെന്റ് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ നികത്തേണ്ടത് എന്നറിയിക്കുമോ; എങ്കിൽ ആയതിനു സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ നിലവിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത ജീവനക്കാരെ നിയമിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>അദ്ധ്യാപകർക്ക് അനുവദിച്ച ലീവ് സറണ്ടർ കുറച്ച നടപടി</u>

1704 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മദ്ധ്യവേനലവധിക്കാലത്ത് 48 ദിവസത്തെ സെൻസസ് ജോലി ചെയ്ത അദ്ധ്യാപകർക്ക് അനുവദിച്ചിരുന്ന 24 ദിവസത്തെ ലീവ് സറണ്ടർ 8 ദിവസത്തേയ്ക്കു മാത്രമാക്കിയ ഉത്തരവ് മരവിപ്പിക്കുകയോ, പിൻവലിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുതവിഷയം സംബന്ധിച്ച് അദ്ധ്യാപകസംഘടനകൾ മുഖ്യമന്ത്രിക്കു നിവേദനം നൽകിയിരുന്നോയെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുതനിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>പണിമുടക്കുമായി ബന്ധപ്പെട്ട കേസുകൾ</u>

1705 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പണിമുടക്കുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ട്?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർ നടത്തിയ സമരം</u>

1706 ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിക്കെതിരെ സർക്കാർ ജീവനക്കാർ നടത്തിയ സമരത്തിൽ എത്ര പേർ പങ്കെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ജീവനക്കാരുടെ സമരത്തിൽ പങ്കെടുത്തവർക്ക് ഡയസ്നോൺ പ്രഖ്യാപിക്കുകവഴി സർക്കാരിന് എത്ര കോടി രൂപയുടെ വരുമാനനേട്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>തസ്തികമാറ്റം വഴിയുള്ള നിയമനം</u>

1707 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 28/02/2011-ലെ ജി.ഒ.(പി)നം.65/2011/പൊഭവ നോട്ട് -2 പ്രകാരം 13/01/2007 മുതൽ യോഗ്യരായ ടൈപ്പിസ്റ്റ്/സി.എ മാർക്ക് പൊതുഭരണവകുപ്പിൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റ നിയമനത്തിനായി എത്ര തസ്തികകൾ വീതം നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നിയമനം യഥാസമയം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത ഉത്തരവനുസരിച്ച് യോഗ്യരായ എല്ലാ ജീവനക്കാർക്കും തസ്തികമാറ്റം വഴി പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>വിരമിച്ച ജീവനക്കാരുടെ നിയമനം</u>

1708 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**<u>മുഖ്യ</u>മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും ബോർഡുകളിലുമായി എത്ര പെൻഷൻ പറ്റിയ ജീവനക്കാരെയും താൽക്കാലിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ഇതിൽ പെൻഷൻ പറ്റിയവർ എത്ര; പ്രസ്തുത ജീവനക്കാർക്ക് പെൻഷനും വേതനവും നൽകുന്നത് സർക്കാറിന് അധികബാധ്യത ഉണ്ടാക്കുകയില്ലേ;

(സി) പ്രസ്തുത തസ്തികകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഡെപ്യൂട്ടേഷനിലുള്ള ഉദ്യോഗസ്ഥ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്നുളളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ</u>

1709

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ, ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പുതിയ മാനദണ്ഡങ്ങൾ എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ നിലവിലുള്ള മാനദണ്ഡങ്ങൾ അടങ്ങിയ ഉത്തരവ് ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചാണോ കഴിഞ്ഞവർഷത്തെ സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുള്ളത് എന്നറിയിക്കുമോ;

(സി) നിലവിലുള്ള ഉത്തരവിലെ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) വിവിധ വകുപ്പുകളിൽ സ്ഥലംമാറ്റ നടപടികൾ സംബന്ധിച്ച് അഴിമതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>കേരളാ കേഡറിലെ ഐ.പി.എസ്. ഉദ്യോഗസ്ഥര്‍</u>

1710 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

കേരള കേഡറിലെ എത്ര ഐ.പി.എസ്. ഉദ്യോഗസ്ഥന്‍മാര്‍ പോലീസ് സേനയിലല്ലാതെ വിവിധ വകുപ്പുകളിലും ബോര്‍ഡുകളിലും കോര്‍പ്പറേഷനുകളിലുമായി ജോലി ചെയ്തു വരുന്നുണ്ട്; ഇവര്‍ ആരെല്ലാം; എന്നുമുതല്‍; ഇവരുടെ പോലീസ് സേനയിലെ കേഡര്‍ എന്താണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>അഖിലേന്ത്യാസർവ്വീസിൽ നിന്നും റിട്ടയർ ചെയ്തവർക്ക് പുനർനിയമനം</u>

1711 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാസർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത എത്ര ഉദ്യോഗസ്ഥർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ സർക്കാർ ഏജൻസികളിൽ പുനർനിയമനം അല്ലെങ്കിൽ കരാർ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; ഓരോരുത്തർക്കും അവർ വഹിക്കുന്ന സ്ഥാനങ്ങൾക്ക് പ്രതിമാസം എന്തെല്ലാം സാമ്പത്തിക ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ആർക്കൊക്കെ ഔദ്യോഗിക വാഹനവും ഔദ്യോഗികവസതിയും ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>കേന്ദ്ര സർവീസ് ഉദ്യോഗസ്ഥരുടെ പങ്കാളിത്ത പെൻഷൻ</u>

1712 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കേന്ദ്ര സിവിൽ സർവീസ് ഉദ്യോഗസ്ഥർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ഏർപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇവരുടെ പെൻഷൻ വിഹിതം അടക്കേണ്ടത് കേന്ദ്ര സർക്കാരാണോ, അതോ സംസ്ഥാന സർക്കാരാണോയെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ വിഹിതം 2004 മുതൽ ഇതേവരെ എവിടെയാണ് അടച്ചിട്ടുള്ളതെന്നു പറയാമോ;

(ഡി) ഉദ്യോഗസ്ഥരിൽ നിന്നും പിടിച്ചിട്ടുളള തുക എവിടെയാണ് അടച്ചിട്ടുള്ളതെന്ന് പറയാമോ;

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഗ്രാമീണ കോടതികളും സായാഹ്ന കോടതികളും സ്ഥാപിക്കാൻ നടപടി</u>

1713 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ കോടതികളും സായാഹ്ന കോടതികളും സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ എവിടെയെല്ലാമാണ് സായാഹ്ന കോടതികളും ഗ്രാമീണ കോടതികളും തുടങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതെന്നും അവ എന്നുമുതൽ പ്രവർത്തനം ആരംഭിക്കുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>കോടതികളിലെ വ്യവഹാരഭാഷ മലയാളമാക്കുന്നതിന് നടപടി</u>

1714 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മാതൃഭാഷയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ ഭാഗമായി , കോടതികളിലെ വ്യവഹാരഭാഷ മലയാളമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) കോടതികളിലെ വ്യവഹാരഭാഷ മലയാളമാക്കുന്നതു സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുമോ;

(സി) നിയമങ്ങളും കോടതിയുത്തരവുകളും മലയാളത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജുഡീഷ്യറി നേരിട്ടു നടത്തുന്ന നിയമനങ്ങൾക്ക് മാതൃഭാഷായോഗ്യത നിർബന്ധിതമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ?

## കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

മാവേലിക്കരയിൽ വിജിലൻസ് കോടതി അനുവദിക്കുന്നതിന് നടപടി

T 1715 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ വിജിലൻസ് കോടതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ;

(ബി) മാവേലിക്കരക്കോടതി പൂർണ്ണസജ്ജമായ എം.എ.സി.റ്റി കോടതി ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ കോടതിയിൽ മജിസ്ട്രേറ്റുകോടതി സ്ഥാപിക്കാൻ നടപടി</u>

T 1716 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13-ാം ധനകാര്യകമ്മിഷന്റെ ശുപാർശ പ്രകാരം സംസ്ഥാനത്ത് പുതുതായി താല്ക്കാലിക കോടതികൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആറ്റിങ്ങൽ കോടതിയിൽ അധികമായി മജിസ്ട്രേറ്റ് കോടതി ആരംഭിക്കുവാൻ ബഹു.ഹൈക്കോടതിയോട് ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതുപ്രകാരമുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; ബന്ധപ്പെട്ട വിവരങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ കോടതിയിലെ അഡീഷണൽ ബ്ലോക്ക് നിർമ്മാണം</u>

T 1717 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കോടതിയുടെ ഭാഗമായി അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിന് ബഹു: ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ, എന്തു തുകയുടെ ഭരണാനുമതി യാണ് നൽകിയിട്ടുള്ളതെന്നറിയിക്കുമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അഡീഷണൽ ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

**എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരുടെയും സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരുടെയും നിയമനം**

1718 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ നടപടി നിയമം 20 വകുപ്പു പ്രകാരം ഏതെല്ലാം തസ്തികകളിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥരെയാണ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരായി നിയമിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ക്രിമിനൽ നടപടി നിയമം 21 വകുപ്പു പ്രകാരം ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെയാണ് സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരായി നിയമിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സും, ജുഡീഷ്യൽ ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് നടപടി</u>

1719 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സും, ജുഡീഷ്യൽ ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, അടിയന്തിരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ശാസ്ത്രസ്ഥാപനങ്ങളുടെ പ്രവർത്തനം</u>

1720 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ശാസ്ത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ കേന്ദ്ര - സംസ്ഥാന - ഇതര ഉടമസ്ഥതയിൽ ഉള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് പ്രത്യേകം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>നൂതന കണ്ടുപിടുത്തങ്ങൾക്ക് നൽകിയ പ്രോത്സാഹനം</u>

1721 ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാടൻ സാങ്കേതിക വിദ്യകൾ കണ്ടെത്തുകയും വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നവർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) നൂതന കാർഷികോപകരണങ്ങൾ, കുറഞ്ഞചെലവിൽ ഊർജ്ജോൽപാദന സംവിധാനങ്ങൾ, മറ്റ് ഉപയോഗപ്രദമായ കണ്ടുപിടുത്തങ്ങൾ എന്നിവ നടത്തിയിട്ടുള്ള ആർക്കെങ്കിലും ഈ സർക്കാർ പ്രോത്സാഹനം നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എന്തൊക്കെ കണ്ടെത്തലുകൾക്കാണ് അംഗീകാരം നല്കിയതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>ശാസ്ത്ര – സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രവർത്തനങ്ങൾ</u>

1722

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്ര – സാങ്കേതിക പരിസ്ഥിതി കൗൺസിൽ നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കൗൺസിലിന്റെ ഘടന, പ്രവർത്തനം, അംഗങ്ങൾ, അവരുടെ കാലാവധി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത കൗൺസിൽ ഏറ്റെടുത്തതും നടപ്പിലാക്കിയിട്ടുള്ളതുമായ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

## സി– സ്റ്റെഡ് –ന്റെ പ്രവർത്തനം

1723 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി–സ്റ്റെഡ് എന്നാണ് നിലവിൽ വന്നത്; ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായ പ്രവർത്തന ശൈലി വളർത്തിയെടുക്കുന്നതിൽ എത്രത്തോളം വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ നല്കുമോ;

(സി) നിലവിൽ സി–സ്റ്റെഡ് നടത്തി വരുന്ന പരിപാടികൾ എന്തെല്ലാമാണ്; പ്രവർത്തന ഫണ്ട് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് സമാഹരിക്കുന്നത്;

(ഡി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ക്രിയാത്മകമായ എത്ര പദ്ധതികൾ സി–സ്റ്റെഡ് കേന്ദ്രത്തിന് സമർപ്പിച്ചു; അതിൽ അംഗീകാരം ലഭിച്ചവ എത്ര; വിശദാംശങ്ങൾ നല്കുമോ;

(ഇ) സി–സ്റ്റെഡിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നത് വാടകക്കെട്ടിടങ്ങളിലാണോ; എങ്കിൽ പ്രതിവർഷം വാടക ഇനത്തിൽ ചെലവഴിക്കപ്പെടുന്ന തുകയെത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത സ്ഥാപനം അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് അനുസൃതമായ, ക്രിയാത്മക പ്രവർത്തന ശൈലിക്കു രൂപം കൊടുക്കുന്നവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സി-സ്റ്റെഡിലെ ദിവസവേതന ജീവനക്കാർ</u>

1724

ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-സ്റ്റെഡിൽ എത്ര ജീവനക്കാർ ദിവസവേതന കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ കഴിഞ്ഞ 15 വർഷത്തിലേറെയായി ദിവസവേതന അടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്ന എത്ര ജീവനക്കാരുണ്ട്; ഇവർക്ക് നൽകി വരുന്ന വേതനം എത്രയാണ്; മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ ഇവർക്ക് നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ 15 വർഷം തികച്ച ദിവസവേതനക്കാർ, കോൺട്രാക്റ്റ് ജീവനക്കാർ എന്നിവരെ റഗുലറൈസ് ചെയ്യുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി അറിയിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടി</u>

1725 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ സഹായം നല്കുന്ന എത്ര ഏജൻസികൾ പരിസ്ഥിതി സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെന്നറിയിക്കുമോ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഏജൻസികൾക്ക് ഓരോന്നിനും നല്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>താപവ്യതിയാനം മൂലമുണ്ടാകുന്ന അസുഖങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണത്തിന് നടപടി</u>

1726 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൗമാന്തരീക്ഷത്തിന്റെ താപനില വർദ്ധിക്കുന്നതായുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യത്തെ പ്രസ്തുത വർദ്ധനവ് ബാധിക്കുന്നുണ്ടോയെന്നുള്ള പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു ണ്ടോയെന്നറിയിക്കുമോ;

(സി) വരുംദിനങ്ങളിലുണ്ടാകാവുന്ന താപവർദ്ധന ജന്തുജാല ങ്ങളെയും പ്രത്യേകിച്ച് കുട്ടികളെയും ഏതൊക്കെ തര ത്തിൽ ബാധിക്കുന്നുവെന്നതു സംബന്ധിച്ച പഠനം നട ത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അന്തരീക്ഷത്തിലെ താപവ്യതിയാനംമൂലം ജനങ്ങൾക്കു ണ്ടാകാവുന്ന അസുഖങ്ങളെയും അസ്വസ്ഥതകളെയും കുറിച്ച് ബോധവൽക്കരണം നടത്താനും അതിനെതിരെ മുൻകരുതൽ നടപടികൾ സ്വീകരിക്കാനും നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സർക്കാർ ആഫീസുകളുടെ പ്രവൃത്തിദിനങ്ങൾ പരിമിതപ്പെടുത്തൽ</u>

1727 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരാഫീസുകളുടെ പ്രവർത്തനം ആഴ്ചയിൽ അഞ്ച് ദിവസമായി പരിമിതപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ;

(ബി) പ്രവൃത്തിദിനങ്ങൾ പരിമിതപ്പെടുത്തുകയാണെങ്കിൽ സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്കൂളുകളിലെ പ്രവൃത്തി സമയങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോയെ ന്നറിയിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർക്ക് പരിശീലനം</u>

1728 ശ്രീ. വർക്കല കഹാർ
,, പി. എ. മാധവൻ
,, ബെന്നി ബെഹനാൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് വികസനോന്മുഖമായ പരിശീലനം ലഭ്യമാക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ബി) പ്രസ്തുത ലക്ഷ്യം നേടുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ആയതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പരിശീലനം</u>

1729 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും ആദ്യ ഒരു മാസം പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സർക്കാരിന്റെ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് സർവ്വീസിന്റെ തുടക്കത്തിൽത്തന്നെ പരിശീലനം നല്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സർക്കാർ ജോലി ലഭിക്കുന്നതിന് മലയാളഭാഷയിലുള്ള അറിവ് നിർബന്ധിതമാക്കിയ നടപടി</u>

1730 ശ്രീ. ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ ജോലി ലഭിക്കുന്നതിന് മലയാളഭാഷയിലുള്ള അറിവ് നിർബന്ധിതമാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ചുള്ള തീരുമാനങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏതെല്ലാം നിയമനങ്ങൾക്കാണ് ഈ നിബന്ധന ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത തീരുമാനം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>മലയാളം പരീക്ഷ പാസ്സാകുന്നവര്‍ക്ക് മാത്രം സ്ഥിര നിയമനം</u>

1731 ശ്രീ. സി. പി. മുഹമ്മദ്
,, കെ. ശിവദാസന്‍ നായര്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലയാളം പരീക്ഷ പാസ്സാകുന്നവര്‍ക്കുമാത്രം സര്‍ക്കാര്‍ സര്‍വ്വീസില്‍ സ്ഥിരനിയമനം നല്‍കിയാല്‍ മതിയെന്ന സര്‍ക്കാര്‍ ശുപാര്‍ശ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്ന് മുതലാണ് പ്രസ്തുത തീരുമാനം നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നറിയിക്കുമോ;

(സി) ഏതെല്ലാം കാറ്റഗറിയിലെ നിയമനങ്ങള്‍ക്കാണ് പ്രസ്തുത തീരുമാനം നിര്‍ബന്ധിതമാക്കാന്‍ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങള്‍ അറിയിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പി.എസ്.സി യുടെ പുതിയ വെബ്സൈറ്റ്</u>

1732 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനത്തിന് പി.എസ്.സി തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമായി തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതുവരെ പഴയ സൈറ്റിന്റെ പ്രവർത്തനം തുടരുമോ;

(ഡി) പുതിയ വെബ്സൈറ്റിനെ സംബന്ധിച്ചുള്ള അവബോധം ഉദ്യോഗാർത്ഥികൾക്കിടയിൽ സൃഷ്ടിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

## പി.എസ്.സി. വഴിയുള്ള നിയമനം

1733 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം എത്രപേർക്കു തൊഴിൽ നൽകി; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിൽ നിന്നും, സെക്രട്ടേറിയറ്റ്, മറ്റു സർവ്വീസുകൾ എന്നിവയിൽ നിന്നും എത്രപേർ വിരമിക്കുകയുണ്ടായി; ജില്ലതിരിച്ചുള്ള കണക്കു ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഒഴിവുകൾ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്നും, അതിൽ എത്രയെണ്ണത്തിൽ നിയമനനടപടികൾ പൂർത്തിയായെന്നുമുള്ള വിശദാംശം നൽകുമോ?

(ഡി) ഈ സർക്കാർ എത്ര പൊതുമേഖലാസ്ഥാപനങ്ങളുടെ നിയമനം പി.എസ്.സി.ക്കു വിടുകയുണ്ടായി; ഏതെല്ലാമെന്നറിയിക്കുമോ?

**കേരള നിയമസഭ**
**25.03.2013-ലെ മറുപടിക്ക്**

<u>പി.എസ്.സി പരീക്ഷ മലയാളത്തിലാക്കുന്നതിന് നടപടി</u>

1734 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജോലിക്ക് 'മലയാളം' നിർബന്ധിതമാക്കിയതുപോലെ പി.എസ്.സി നടത്തുന്ന മുഴുവൻ പരീക്ഷകളും മലയാളത്തിലാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ പബ്ലിക് സർവ്വീസ് കമ്മീഷനുകൾ സർക്കാർ ജോലിക്കുള്ള പരീക്ഷകൾ പ്രാദേശിക ഭാഷകളിൽ നടത്തുന്നതുപോലെ സംസ്ഥാനത്തും പി.എസ്.സി ചോദ്യപേപ്പറുകൾ മലയാളത്തിലും നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ജീവനക്കാരുടെ സമരംമൂലം മാറ്റിവച്ച പി.എസ്.സി. പരീക്ഷകൾ</u>

1735 ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനുവരി 8 മുതൽ നടന്ന സർക്കാർ ജീവനക്കാരുടെ സമരംമൂലം എത്ര പി.എസ്.സി. പരീക്ഷകളും, ഇന്റർവ്യൂകളും കായികക്ഷമതാ പരീക്ഷകളും പി.എസ്.സി. മാറ്റിവച്ചുവെന്നറിയിക്കുമോ;

(ബി) പ്രസ്തുത സമരകാലത്ത് പി.എസ്.സി. ഏതെല്ലാം പരീക്ഷകളും ഇന്റർവ്യൂകളും കായികക്ഷമതാ പരീക്ഷകളും നടത്തിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>സബ്ബ് ഇൻസ്പെക്ടർ പരീക്ഷയിലെ ക്രമക്കേടുകൾ</u>

1736 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സബ്ബ്ഇൻസ്പെക്ടർ തസ്തികയിലേക്ക് മൂന്ന് കാറ്റഗറികളിൽ വിവിധ ദിവസങ്ങളിലായി പി.എസ്.സി നടത്തിയ ഒ.എം.ആർ പരീക്ഷയിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റുചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രാഥമിക ഒ.എം.ആർ പരീക്ഷയിൽ ക്രമക്കേടു കാട്ടിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയുടെ മെയിൻ പരീക്ഷ എത്രപേർ എഴുതി;

(ഇ) പ്രസ്തുത പരീക്ഷയുടെ ഷോർട്ട് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടു; ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള കട്ട് ഓഫ് മാർക്ക് എത്രയായിരുന്നു; കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) ഷോർട്ട് ലിസ്റ്റിൽ ഓരോ ഉദ്യോഗാർത്ഥിക്കും ലഭിച്ച മാർക്ക് പ്രസിദ്ധീകരിക്കാറുണ്ടോ;

(ജി) ഉണ്ടെങ്കിൽ പോലീസ് സബ്ബ് ഇൻസ്പെക്ടർ തസ്തികകളിലേക്ക് തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിൽ മെയിൻ പരീക്ഷയിൽ ലഭിച്ച മാർക്ക് പ്രസിദ്ധീകരിച്ചിരുന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എച്ച്) പോലീസ് സബ്ബ് ഇൻസ്പെക്ടർ പരീക്ഷയിലെ ക്രമക്കേടിനെക്കുറിച്ച് ഏതെങ്കിലും വിധത്തിലുള്ള കേസുകൾ ഹൈക്കോടതിയിലോ ഏതെങ്കിലും ട്രൈബ്യൂണലുകളിലോ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

എസ്.ഐ. പരീക്ഷാ നടത്തിപ്പിലെ കാലതാമസം ഒഴിവാക്കാൻ നടപടി

1737 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 317/2007 പ്രകാരം പോലീസ് വകുപ്പിലെ സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് എഴുത്തു പരീക്ഷ നടത്തി എത്ര നാൾ കഴിഞ്ഞാണ് കായികക്ഷമതാ പരീക്ഷ നടത്തിയത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കായികക്ഷമതാ പരീക്ഷ നടത്തുന്നതിൽ കാലവിളംബം ഉണ്ടാകാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ഒഴിവുകൾക്കു വേണ്ടിയാണ് പ്രസ്തുത പരീക്ഷ നടത്തിയത് എന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമനങ്ങൾ ആരംഭിച്ചുവോ എന്നു വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തസ്തികയിലേക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള ഏറ്റവും കൂടിയ പ്രായപരിധിയായ 35 വയസ്സ് അപ്പോൾ തികഞ്ഞിരുന്നവർക്ക് ഇപ്പോൾ നാല്പത്തിമൂന്നോളം വയസ്സ് ആകുമെന്നും അവർക്ക് എസ്.ഐ പരിശീലനം യുവാക്കളെ അപേക്ഷിച്ച് വളരെ ബുദ്ധിമുട്ടുള്ളതായിരിക്കുമെന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(എഫ്) പരീക്ഷകൾ നടത്തുന്നതിലും നിയമനം നടത്തുന്നതിലും ഏറെ കാലതാമസം വരുന്നതുമൂലം തൊഴിൽരഹിതരായ യുവാക്കൾക്ക് അർഹമായ അവസരങ്ങൾ നഷ്ടപ്പെടുന്നതൊഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

## സബ് – ഇൻസ്പെക്ടർ തസ്തികയിലെ നിയമനം

1738

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പി. എസ്.സി അവസാനമായി വിജ്ഞാപനം നടത്തിയത് എന്നാണ്; പ്രസ്തുത വിജ്ഞാപനത്തിന്മേൽ നിയമനം നടത്തിയിട്ടുണ്ടോ;

(ബി) ആയതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസിന്റെ വിധി പി.എസ്.സി.ക്ക് അനുകൂലമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) സബ് ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുളളത്;

(ഇ) പ്രസ്തുത തസ്തികയുടെ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നവരും എന്നാൽ ഇപ്പോൾ പ്രായപരിധി കഴിഞ്ഞവരുമായ ഉദ്യോഗാർത്ഥികളുടെ താല്പര്യം സംരക്ഷിക്കുന്നതിനായി സത്വരനടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഒഴിവുകൾ മുൻകൂട്ടി അറിയിക്കുന്നതിലുള്ള അനാസ്ഥ

1739 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഈ കലണ്ടർ വർഷമുണ്ടാകുന്ന എൽ.ഡി.സി. തസ്തികയിലേക്കുള്ള ഒഴിവുകളുടെ എണ്ണം ഏതൊക്കെ വകുപ്പുകൾ മുൻകൂട്ടി അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ മുൻകൂട്ടി അറിയിക്കുന്നതിൽ ഏതെങ്കിലും വകുപ്പുകൾ അനാസ്ഥ കാണിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) എൽ.ഡി.സി./എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് യു.ഡി.സി. തസ്തികയിലേക്കുള്ള റേഷ്യോ പ്രൊമോഷൻ സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പുതിയ നിയമനങ്ങളുടെ വകുപ്പ്, ജില്ല തിരിച്ചുള്ള എണ്ണം</u>

1740 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

വിവിധ സർക്കാർ ഓഫീസുകളിൽ പി.എസ്.സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, കരാർ അടിസ്ഥാനം, ദിവസവേതനാടിസ്ഥാനം എന്നീ രീതികളിൽ ഈ സർക്കാർ നിയമിച്ച ജീവനക്കാരുടെ വകുപ്പ്, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഇക്കണോമിക്സ്) റാങ്ക് ലിസ്റ്റിലെ അപാകതകൾ</u>

1741

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ 2005 – ലെ, 187/2005 കാറ്റഗറി നമ്പർ പ്രകാരം ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ഇക്കണോമിക്സ്) (സീനിയർ) തസ്തികയിലേക്കുള്ള ഷോർട്ട് ലിസ്റ്റിൽ നിന്ന് ഇന്റർവ്യൂ കഴിഞ്ഞ ഏതെങ്കിലും ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താതെ ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തു കാരണത്താലാണ് ഒഴിവാക്കിയതെന്ന് വിശദമാക്കുമോ;

(സി) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് യോഗ്യതയുള്ളവരില്ലെങ്കിൽ അതേ ഫാക്കൽറ്റിയിലുള്ള ബി.എഡ് യോഗ്യതയുള്ളവരെ പരിഗണിക്കണമെന്ന സ്പെഷ്യൽ റൂളും, സർക്കാർ ഉത്തരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ, ഇക്കണോമിക്സിൽ ബി.എഡ് യോഗ്യത നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ, ബന്ധപ്പെട്ട ഫാക്കൽറ്റിയിലുള്ള ബി.എഡ് യോഗ്യത അംഗീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(എഫ്) ഹയർ സെക്കന്ററി ഇക്കണോമിക്സ് സീനിയർ തസ്തികയ്ക്കു വേണ്ട യോഗ്യതയും, ഹയർ സെക്കന്ററി ഇക്കണോമിക്സ് ജൂനിയർ തസ്തികയ്ക്കു വേണ്ട യോഗ്യതയും ഒന്നാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ, എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥിയെ എച്ച്.എസ്.എ

സ്.ടി (സീനിയര്‍) തസ്തികയില്‍ ഉള്‍പ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(എച്ച്) ഇപ്പോള്‍ പ്രസിദ്ധീകരിച്ച എച്ച്.എസ്.എസ്.ടി. (പൊളിറ്റിക്കല്‍ സയന്‍സ്) തസ്തികയിലേക്കുള്ള ചുരുക്കപ്പട്ടികയില്‍ ബി.എഡ് ഇന്‍ ദ കണ്‍സേണ്‍ഡ് സബ്ജക്ട് (ലിസ്റ്റ് 1) എന്നും ബി.എഡ് ഇന്‍ ദ കണ്‍സേണ്‍ഡ് ഫാക്കല്‍റ്റി (ലിസ്റ്റ് 2) എന്നും ലിസ്റ്റുകള്‍ പ്രസിദ്ധീകരിച്ചിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള
പി. എസ്. സി. വിജ്ഞാപനം

1742 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള പി.സ്.സി വിജ്ഞാപനത്തിൽ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന രീതിയെക്കുറിച്ചുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ബി) യോഗ്യതാപരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ ഒരു ഭാഗം എഴുത്തു പരീക്ഷ, അഭിമുഖം എന്നിവയുടെ ഭാഗമായി വെയിറ്റേജ് നൽകുന്ന കാര്യം വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ ഒരു ഭാഗം വെയിറ്റേജായി നൽകുന്ന രീതി സ്വീകരിക്കുന്നു എന്നുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ എന്തടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് നിർണ്ണയിക്കുന്ന രീതിക്ക് മാറ്റം വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ഇ) വിവിധ സർവ്വകലാശാലകളിൽ നിന്ന് പാസായ ഉദ്യോഗാർത്ഥികളുടെ യോഗ്യതാ പരീക്ഷയ്ക്കുള്ള മാർക്കുനിലവാരത്തിൽ വലിയ അന്തരമുള്ളതുകൊണ്ടും ഓരോ സർവ്വകലാശാലയിലും റഗുലർ, ഡിസ്റ്റൻസ് സമ്പ്രദായങ്ങളിൽ ലഭിക്കുന്ന മാർക്ക് നിലവാരങ്ങളിൽ വ്യത്യാസം നിലനിൽക്കുന്നതു കൊണ്ടും വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന രീതിയിൽ റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിലെ നീതിന്യായ വകുപ്പിലെ പ്രോസസ് സെർവർ തസ്തികയിലെ ഒഴിവുകൾ</u>

1743 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നീതിന്യായ വകുപ്പിൽ പ്രോസസ് സെർവർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകളുടെ വിശദാംശങ്ങളും അവ നിലവിൽ വന്ന തീയതിയും അറിയിക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ ഇനിയും പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്യാനുണ്ടെങ്കിൽ അവയുടെ വിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസുകളിലെ ഒഴിവുകൾ</u>

1744 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസുകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നുള്ള ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ:

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

**കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (ഫിസിക്സ്) തസ്തികയുടെ എൻ. സി. എ. ഒഴിവുകൾ**

1745 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (ഫിസിക്സ് )തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര എൻ. സി. എ. ഒഴിവുകൾ നിലവിലുണ്ട്; ജാതിതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പി. എസ്. സി. യുടെ 45/2012 വിജ്ഞാപനപ്രകാരമുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാർക്ക് നിശ്ചയിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നത് എന്നറിയിക്കുമോ;

(ഇ) പ്രസ്തുത തസ്തികയിലേക്ക് എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ട് എന്നറിയിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് എന്നത്തേക്ക് നിയമനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>നിയമന നടപടികള്‍ ത്വരിതപ്പെടുത്താന്‍ നടപടി</u>

1746

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി.എസ്.സി.യില്‍ ഒഴിവുകള്‍ റിപ്പോര്‍ട്ട് ചെയ്തിട്ടും നിയമനം വൈകുന്നതായ വാര്‍ത്തകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ആയതു പരിശോധിക്കുന്നതിനും നിയമന നടപടികള്‍ ത്വരിതപ്പെടുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഈ സര്‍ക്കാര്‍ എത്ര പേര്‍ക്ക് പി.എസ്.സി.യുടെ അഡ്വൈസ് നല്‍കിയിട്ടുണ്ട്; ആയതില്‍ എത്ര പേര്‍ക്ക് നിയമനം ലഭിച്ചിട്ടുണ്ട്; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>സാനിട്ടറി ഇൻസ്പെക്ടർ കോഴ്സിന്റെ അംഗീകാരം</u>

1747 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓൾ ഇന്ത്യ (ബോംബെ) ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ കീഴിൽ നടത്തിയിരുന്ന സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് കേരള സർക്കാരിന്റെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് തുല്യമായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ 2013-ലെ പി.എസ്.സി. വിജ്ഞാപന പ്രകാരമുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്ക് പ്രസ്തുത സ്ഥാപനത്തിൽനിന്നുള്ള യോഗ്യത പരിഗണിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കോഴ്സിന് നിലവിൽ അംഗീകാരമുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത കോഴ്സിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

കണ്ണൂര്‍ ജില്ലയിലെ എല്‍. ഡി. സി., എല്‍. ജി. എസ്. തസ്തികകളിലെ ഒഴിവുകള്‍

1748 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ എല്‍. ഡി. ക്ലാര്‍ക്ക്, ലാസ്റ്റ് ഗ്രേഡ് സെര്‍വന്റ് വിഭാഗങ്ങളില്‍ എത്ര ഒഴിവുകള്‍ വീതം നിലവിലുണ്ട് ; വകുപ്പ് തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകള്‍ പി. എസ്. സി.ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടോ ; എങ്കില്‍ റിപ്പോര്‍ട്ട് ചെയ്ത തീയതി അറിയിക്കുമോ ;

(സി) റിപ്പോര്‍ട്ട് ചെയ്തിട്ടില്ലെങ്കില്‍ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ</u>

1749

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി. എസ്. സി. ക്ക് റിപ്പോർട്ടുചെയ്യപ്പെടാതെയുണ്ട് എന്നുവിശദമാക്കുമോ ;

(സി) പ്രസ്തുത തസ്തികയിൽ കൊട്ടാരക്കര ജില്ലാട്രഷറി ആഫീസിൽ നിന്ന് ട്രഷറി ഡയറക്ടറേറ്റിലേക്ക് റിപ്പോർട്ടുചെയ്ത രണ്ട് ഒഴിവുകളിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>തെരഞ്ഞെടുപ്പ് ചെലവുകളുടെ ഓഡിറ്റിംഗ്</u>

1750 ശ്രീ. സി. മമ്മുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർ തെരഞ്ഞെടുപ്പ് ചെലവുകളുടെ ഓഡിറ്റിംഗ് വർഷാവർഷം നടത്താറുണ്ടോ;

(ബി) ഏതെല്ലാം ഏജൻസികളാണ് തെരഞ്ഞെടുപ്പ് ചെലവുകൾ ഓഡിറ്റ് ചെയ്യാറുള്ളതെന്നറിയിക്കുമോ;

(സി) ജില്ലാ കളക്ടർമാരുടെ നിയന്ത്രണത്തിൽ നൽകുന്ന ഫണ്ടിന്റെ ചെലവുകൾ ചീഫ് ഇലക്ടറൽ ഓഫീസറുടെ കീഴിലുള്ള ഇന്റേണൽ ഓഡിറ്റ് വിഭാഗം പരിശോധിക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ പെൻഡിംഗിലുള്ള ഓഡിറ്റ് എത്രയുംവേഗം നടത്താൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>വിമുക്തഭടൻമാരുടെ ക്ഷേമം</u>

1751 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിമുക്തഭടൻമാരുടെ ക്ഷേമം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) വിമുക്ത ഭടൻമാരുടെ ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം യഥാസമയം വിതരണം ചെയ്യാൻ നടപടി</u>

1752 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം വൈകുന്നതുമൂലം സാധാരണക്കാർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇക്കാര്യം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) വൈപ്പിൻ മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകളിന്മേൽ ധനസഹായം നൽകുവാനുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുതധനസഹായം വൈകുന്നതിനുള്ള കാരണമെന്തെന്നും, എന്നത്തേക്ക് ആയതു ലഭ്യമാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

ചികിത്സാസഹായം യഥാസമയം വിതരണം ചെയ്യാൻ നടപടി

1753 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്ന ചികിത്സാധനസഹായം ലഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിത്സാ ധനസഹായം അനുവദിച്ചു കൊണ്ടുള്ള അറിയിപ്പ് അപേക്ഷകർക്ക് ലഭിക്കാത്തതു മൂലവും അനുവദിക്കപ്പെട്ട തുക ലഭിക്കുന്നതിലുള്ള കാലതാമസം മൂലവും അപേക്ഷകർ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചികിത്സാധനസഹായം അനുവദിക്കുന്നതോടൊപ്പം തന്നെ അപേക്ഷകർക്ക് പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്നറിയിക്കുമോ; വിശദവിവരം നൽകുമോ;

(ഡി) ചികിത്സാ ധനസഹായം അനുവദിക്കുന്നതോടൊപ്പംതന്നെ പ്രസ്തുത തുക വിതരണം ചെയ്യുന്നതിലേക്കായി ജില്ലാ കളക്ടർമാരുടെ അക്കൗണ്ടിൽ ആവശ്യമായ ഫണ്ടുകൂടി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള ട്രിബ്യൂണൽ</u>

T 1754 ശ്രീ.ഇ. പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കുവാനായി ട്രിബ്യൂണൽ സ്ഥാപിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം</u>

1755 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകളിൽ എ.ടി.എം. സൗകര്യമുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം എന്നറിയിക്കുമോ ;

(ബി) എൻഡോസൾഫാൻ ദുരിബാധിതർക്കുള്ള ധനസഹായം എ.ടി.എം വഴിയാണോ നൽകുന്നത്; എങ്കിൽ ആയതിലെ പ്രായോഗിക ബുദ്ധിമുട്ടുകളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) പ്രസ്തുത ധനസഹായം ദുരിതബാധിതർക്ക് നേരിട്ടെത്തിച്ചുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വാമനപുരം മണ്ഡലത്തിൽ അനുവദിച്ച തുക</u>

1756 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രോഗികൾക്കും അപകടമരണം സംഭവിച്ചവരുടെ കുടുംബങ്ങൾക്കും മറ്റുദുരന്തങ്ങൾക്കിരയായവർക്കും നൽകിയിട്ടുള്ള ധന സഹായത്തിന്റെ വിശദമായ പട്ടിക ലഭ്യമാക്കുമോ;

(ബി) ഗൃഹനാഥനോ ഗൃഹനാഥയോ അപകടം മൂലം മരണപ്പെട്ടുപോയാൽ അവരുടെ കുടുംബത്തിന് നൽകുന്ന ധന സഹായം എത്രയാണെന്നും ആയതു ലഭിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

**<u>എറണാകുളം ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച തുക</u>**

1757

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച തുക വിതരണം ചെയ്യുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര പേർക്ക് തുക വിതരണം ചെയ്യുവാനുണ്ടെന്നും ഇതിനായി ആവശ്യമുള്ള തുക എത്രയെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത തുക എന്നത്തേക്ക് വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) അങ്കമാലി നിയോജകമണ്ഡലത്തിൽ തുക അനുവദിച്ചിട്ടുള്ളതും എന്നാൽ ലഭ്യമാക്കാൻ കഴിയാത്തതുമായ ആളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കാര്‍ത്തികപ്പള്ളി താലൂക്കില്‍നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍നിന്നുള്ള ധനസഹായം ലഭിച്ചവര്‍</u>

1758 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

2011 മെയ്മുതല്‍ 2013 ഫെബ്രുവരി വരെ കാര്‍ത്തികപ്പള്ളി താലൂക്കിലെ പത്തിയൂര്‍, കണ്ടല്ലൂര്‍, ദേവികുളങ്ങര, കൃഷ്ണപുരം, കായംകുളം നഗരസഭ എന്നീ സ്ഥലങ്ങളില്‍നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍നിന്നുള്ള ധനസഹായം ലഭിച്ചവരുടെ വിശദാംശങ്ങള്‍ അറിയിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഗുരുവായൂര്‍ നിയോജക മണ്ഡലത്തില്‍ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്ന് അനുവദിച്ച തുക

1759 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ ഗുരുവായൂര്‍ നിയോജകമണ്ഡലത്തില്‍ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്ന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) അപകട മരണങ്ങള്‍ക്കുള്ള ധനസഹായം നല്‍കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>നദീജല കരാറുകൾ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം</u>

1760 ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ.സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായി കേരളം ഒപ്പുവച്ചിട്ടുള്ള നദീജല കരാറുകൾ ഏതെല്ലാമാണ് എന്നറിയിക്കുമോ;

(ബി) പ്രസ്തുത കരാറുകൾ പ്രകാരം സംസ്ഥാനത്തിന് എത്ര ടി. എം. സി. ജലമാണ് ലഭിക്കേണ്ടത്;

(സി) പ്രസ്തുത ജലം എന്നു മുതൽക്കാണ് ലഭിക്കേണ്ടത്;

(ഡി) പ്രസ്തുത കരാറുകൾ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>നഗരപ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പദ്ധതി</u>

1761 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് കേരള സ്റ്റേറ്റ് ബയോ ഡൈവേർസിറ്റി ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നഗരപ്രദേശങ്ങളിലെ ജലസ്രോതസ്സുകളും ജൈവവൈവിദ്ധ്യവും സംരക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശം നൽകുമോ;

(സി) റസിഡൻസ് അസോസിയേഷനുകളെയും എൻ. ജി. ഒ കളെയും പ്രസ്തുത പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?